# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2267 | 07.02.2019 - ൽ മറുപടിക്ക് |
|---|---|

## കാർഷികാദായ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | തോട്ടം മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് കാർഷികാദായ നികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കുന്നതിന് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; | (എ) | ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം അഞ്ച് വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം എന്ന് ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശിപാർശ പരിഗണിച്ച് കാർഷികാദായ നികുതി മരവിപ്പിക്കുന്നതിന് പകരം പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) | 15.10.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 67/2018/തൊഴിൽ പ്രകാരം കാർഷികാദായനികുതി മരവിപ്പിക്കുന്നതിന് പകരം പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. കേരള കാർഷികാദായ നികുതി നിയമ പ്രകാരം നികുതി മരവിപ്പിക്കുക എന്ന വ്യവസ്ഥ നിലവിലില്ലാത്തതിനാൽ ഭാവിയിലുണ്ടായേക്കാവുന്ന നിയമ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കാർഷികാദായ നികുതിയിനത്തിൽ തോട്ടം മേഖലയിൽ നിന്നും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (സി) | 2016-17 - 1.44 കോടി രൂപ<br>2017-18 - 2.18 കോടി രൂപ. |

| | | | |
|---|---|---|---|
| (ഡി) | നികുതി ഒഴിവാക്കിയപ്പോൾ മുൻകാല നികുതി ബാധ്യത കൂടി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ? | (ഡി) | മുൻകാല നികുതി ബാധ്യത ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**